29. പാരമ്പര്യത്തെ നിഷേധിച്ച് പുതുമകളെ പുൽകുന്നവർക്കുള്ള മുന്നറിയിപ്പാണ് 'വഴിവെട്ടുന്നവരോട്' - ശരിയോ? സ്വാഭിപ്രായം എഴുതുക.

30. 'പാന്ഥപാദം ബാധിച്ചു രൂക്ഷശില
വാഴ്‌വതിൽ നിന്നു മേഘ -
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം'?
- വിശദമാക്കുക.

31. കൈലാസത്തിലേക്കുള്ള പരശുരാമന്റെ യാത്രയെ കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെ?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32. 'ബഹുസ്വരതയുടെ ആവിഷ്കരണമാണ് സമകാല മലയാളകവിത നിർവഹിക്കുന്നത്' - ചർച്ച ചെയ്യുക.

33. ദാമ്പത്യബന്ധത്തിലെ ഇണക്കങ്ങളും പിണക്കങ്ങളും നിലനിൽക്കുമ്പോൾത്തന്നെ അഗാധമായ പ്രണയത്തിന്റെ തലം കൂടി വ്യക്തമാക്കുന്ന കവിതയാണ് 'കണ്ണീർപ്പാടം' - സമർത്ഥിക്കുക.

34. 'ദേശീയ ബോധം, സ്വാതന്ത്ര്യചിന്ത, കർമ്മവീര്യം തുടങ്ങി ആധുനികതയുടെ ആദ്യകിരണങ്ങൾ, കാല്പനികപൂർവ്വകവിതകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്' - കവിത്രയകവിതകളെ മുൻനിർത്തി വിശദമാക്കുക.

35. പി. കുഞ്ഞിരാമൻ നായരുടെ സർഗ്ഗപ്രതിഭയ്ക്കുമുന്നിൽ ആദരപൂർവ്വം നമിക്കുന്നതിന്റെ കാവ്യാവതരണമാണ് 'മേഘരൂപൻ' - ശരിയോ? സ്വാഭിപ്രായം വ്യക്തമാക്കുക.

**(2 × 15 = 30 Marks)**

---



St. Xavier's College

**(Pages : 4)** **T – 1838**

**Reg. No. : ..............................**

**Name : ..................................**

**Sixth Semester B.A. Degree Examination, April 2024**

**Career Related First Degree Programme under CBCSS**

**Malayalam and Mass Communication**

**Core Course**

**MX 1641 : മലയാളകവിത – ഉത്തരഘട്ടം**

**(2018-2020 Admission)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. 'ശ്രീ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കവി ഏത്?

2. 'പട്ടാമ്പിപ്പുഴമണലി'ൽ എന്ന കവിത രചിച്ചതാര്?

3. ഉള്ളൂരിന്റെ മഹാകാവ്യം ഏത്?

4. 'കവിതയുടെ ഗ്രാമങ്ങൾ' - ആരുടെ കൃതിയാണ്?

5. 'അഴകില്ലാത്തവയെല്ലാം' - ആരുടെ കവിതയാണ്?

6. ചങ്ങമ്പുഴ എഴുതിയ വിലാപകാവ്യമേത്?

7. പടയണിയുടെ താളത്തെ കവിതയിൽ സ്വീകരിച്ച കവി ആരാണ്?

8. 'കവിതയും ജനതയും' എഴുതിയത് ആരാണ്?

9. ജ്ഞാനപീഠപുരസ്കാരം ലഭിച്ച ആദ്യത്തെ മലയാളകവി ആരാണ്?

10. 'കൂട്ടാന്തതയുടെ എഴുപത് വർഷങ്ങൾ' - എഴുതിയതാര്?

**(10 × 1 = 10 Marks)**

P.T.O.

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'അച്ഛൻ കൊടുത്തോരു കൊടും കുഠാരം
മകന്റെ നേർക്കക്ഷണമാഞ്ഞുവിട്ടു' - ആര്? സന്ദർഭവും ആശയവും എഴുതുക.

12. ഒന്നിനുമില്ല നില - ഉന്നതമായകുന്നു -
മെന്നല്ല, യാഴിയുമൊരിക്കൽ നശിക്കുമോർത്താൽ - പൊരുളെന്ത്?

13. 'ജന്മം ഞാൻ കണ്ടു ഞാൻ നിർവൃതി കൊണ്ടു
ജന്മാന്തരങ്ങളിലെ സുകൃതാമൃതമുണ്ടു' - എപ്പോൾ?

14. മേനി മേ വിറയ്ക്കില്ല ചുണ്ടിണ ചലിക്കില്ല
ഗ്ലാനി വന്നുദിക്കില്ല; വിളറിപ്പോകില്ലാസ്യം' - എന്തുകൊണ്ട്? ആരാണിങ്ങനെ പറയുന്നത്?

15. 'ആയിരം ചിത്രങ്ങളിൽ സംഗ്രഹിച്ചിട്ടുണ്ടനു-
മാനത്തിനെത്താനാകാത്താദൃശ്യ ഗാംഭീര്യങ്ങൾ' - ദൃശ്യങ്ങൾ എന്തൊക്കെയാണ്?

16. പൊൻപട്ടം കെട്ടിയൊരാനക്കൊമ്പനു-
മമ്പാരിയുമായി ഊരെഴുന്നള്ളിപ്പോം നിന്നെ' - ആരെയാണ് എഴുന്നള്ളിക്കുന്നത്? വ്യക്തമാക്കുക.

17. 'ഒരു നെടുവീർപ്പെങ്കിലുമയച്ച്
ഈ നിർവികാരത നീ ഭഞ്ജിക്കുക' - കവി ആരോടാണ് ഇങ്ങിനെ ആവശ്യപ്പെടുന്നത്?

18. 'എത്രയെടുത്താലുമൊട്ടും കുറയാത്ത
സ്വത്തൊന്നുമാത്ര, മതമ്മയാണൂഴിയിൽ' - വിശദമാക്കുക.

19. 'യോഗ്യത ഇല്ലാത്തിട്ടാവും
ഓർക്കാതെ കൊടുത്തുപോയ കൈ,
വെച്ചുനീട്ടിയ കൈ നീട്ടം
തിരിച്ചെടുക്കേണ്ടി വന്നിട്ടുണ്ട്' - ആർക്ക്?

20. 'ഓർമ്മകൾ, മറവികൾ, മുറിവുകൾ - എല്ലാം
നിന്റെ പേരുകൊണ്ട് സാക്ഷവെച്ചിരിക്കുന്നു' - എന്തുകൊണ്ട്?



21. 'വിതുമ്പിത്തുള്ളുമ്പും നിൻ
മിഴിയിൽ കണ്ടേൻ, ക്രൂര മൃതിയെ
ഭ്രമിപ്പിക്കും സ്നേഹത്തിന്നഗാധത' - വിശദീകരിക്കുക.

22. 'മലിനവസ്ത്രം ധരിച്ച്, ഓടയിൽ നിന്നെണീറ്റ്
ആരുതരുത് മക്കളേ എന്നു കേഴുന്നു' - ആര്?

**(8 × 2 = 16 Marks)**

III. **ഒന്നര** പുറത്തിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. 'അടുത്തുനില്പോരനുജരെ നോക്കാ -
നക്ഷികളില്ലാത്തോർ -
ക്കരൂപനീശ്വരനദൃശ്യനായാ -
ലതിലെന്താശ്ചര്യം' - ആശയം വ്യക്തമാക്കുക.

24. പി. കുഞ്ഞിരാമൻ നായർ എന്ന കവിയെയും കവിതയേയും പ്രതീകവല്ക്കരിക്കുന്ന കവിതയാണ് 'മേഘരൂപൻ' - സമർത്ഥിക്കുക.

25. ഫ്യൂഡലിസ്റ്റ് ജീവിതക്രമത്തിൽ വീർപ്പുമുട്ടുന്ന ഇടത്തരക്കാരന്റെ പ്രതിനിധിയാണ് 'യാത്രപ്പാട്ടി'ലെ കുഞ്ഞുണ്ണി - വിശകലനം ചെയ്യുക.

26. 'ലൈബ്രേറിയൻ മരിച്ചതിൽ പിന്നെ' എന്ന കവിതയിൽ സൂചിതമാവുന്ന ആശയങ്ങൾ എന്തെല്ലാം?

27. ഇതര ഭാഷാ സംസ്കാരങ്ങളുടെ അധിനിവേശത്താൽ അവഗണിക്കപ്പെടുന്ന മാതൃഭാഷയുടെ തേങ്ങലുകളാണ് 'അമ്മ മലയാളം' - വിശദീകരിക്കുക.

28. പെണ്ണനുഭവങ്ങളുടെ സൂക്ഷ്മവായനയാണ് 'മുറ്റമടിക്കുമ്പോൾ' എന്ന കവിതയുടെ ഉള്ളടക്കം - സമർത്ഥിക്കുക.



St. Xavier's College